(ബി) ഇവരുടെ രക്ഷിതാക്കൾക്കുള്ള ഇൻസെന്റീവ് അലവൻസ് ഇതിനകം ഏത്ര രക്ഷകർത്താക്കൾക്ക് വിതരണം ചെയ്തു;

(സി) ഈ തുക എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഒരു മാസത്തെ ഇൻസെന്റീവ് ഗ്രാന്റ് ആ മാസത്തെ ഹാജർ പരിശോധിച്ചിട്ട് അടുത്ത മാസം 15-ാം തീയതിക്കുമുൻപ് മാത്രമേ കൊടുക്കേണ്ടതുള്ളൂ. അതുകൊണ്ട് ഈ അദ്ധ്യയന വർഷം ഇൻസെന്റീവ് ഗ്രാന്റ് വിതരണം ചെയ്യേണ്ട സമയമായിട്ടില്ല.

(സി) കൃത്യമായി വിതരണം ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

അട്ടപ്പാടിയിലെ ട്രൈബൽ ഹോസ്റ്റൽ

724 [854] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ട്രൈബൽ ഹോസ്റ്റലുകളിൽ ഹരിജന വിദ്യാർത്ഥികളെക്കൂടി താമസിപ്പിച്ച് പഠിപ്പിക്കുമോ;

(ബി) എങ്കിൽ, ഈ അദ്ധ്യയന വർഷംതന്നെ ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) 10% വരെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ ഗവൺമെന്റ് ഉത്തരവുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് കഴിഞ്ഞ് ഒഴിവുണ്ടെങ്കിൽ അതിലും പട്ടികജാതിയിൽപ്പെടുന്ന വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാവുന്നതാണ്.

(ബി) ഈ വർഷം പട്ടികജാതിയിൽപ്പെടുന്ന രണ്ടു വിദ്യാർത്ഥികളിൽനിന്നു മാത്രമേ അപേക്ഷ ലഭിച്ചിരുന്നുള്ളൂ. ആ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുമുണ്ട്. കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണ്.

അട്ടപ്പാടി ആദിവാസി വിദ്യാർത്ഥി ഹോസ്റ്റലുകളിൽ ടെലിവിഷൻ

725 [855] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടിയിലെ ആദിവാസി വിദ്യാർത്ഥി ഹോസ്റ്റലുകളിൽ ഗവൺമെന്റ് ടെലിവിഷൻ സ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly